LITTLE KITES (IT SCHOOL)

# കൈരളി

## E-MAGAZINE

ST.SEBASTIAN H.S NEYYASSERY



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

**LITTLE KITEs (IT@ SCHOOL)**

**"ഐടി അധിഷ്ഠിത വിദ്യാഭ്യാസത്തിൽ കുട്ടികൾക്ക് താത്പര്യം ജനിപ്പിക്കുന്നതിനും കമ്പ്യൂട്ടറിൽ പ്രാഗത്ഭ്യം വർധിപ്പിക്കുന്നതിനുമുള്ള കൂട്ടായ്മ"**

"സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ നെയ്യശ്ശേരിയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുക്കിയ ഡിജിറ്റൽ മാഗസിൻ"

# "കൈരളി"




അനേകായിരങ്ങൾക്ക് അറിവിന്റെ പൊൻപ്രഭ
ളുകുന്ന സരസ്വതി ക്ഷേത്രം.....
സെന്റ്സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
നെയ്യശ്ശേരി



# ആശംസ

മനോഹരവും വിജ്ഞാനപ്രദവുമായ കുട്ടികളുടെ സാഹിത്യാഭിരുചിയെ ഞാൻ അഭിനന്ദിക്കുന്നു. നിങ്ങളുടെ കർമ്മശേഷി പ്രകടമാകുന്ന ഈ കൈയ്യെഴുത്തു മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. നിങ്ങളുടെ സർഗ്ഗശേഷി വളർത്താൻ സഹായിക്കുന്ന ഇത്തരം സംരഭംങ്ങളിൽ ഇനിയും പങ്കുകാരാവുക.

ഹെഡ്മാസ്റ്റർ

സുബാഷ് . കെ . ബാബു

# ആശംസ

സ്വയം ചിന്തിക്കാനും ഭാവിജീവിതത്തിന്റെ സങ്കീർണ്ണമായ ചുമതല ഏറ്റെടുക്കാനും കഴിയുന്ന ഒരു യുവതലമുറയെ വാർത്തെടുക്കാൻ ക്ലാസ്മുറിയിലെ മാത്രം പഠനംകൊണ്ടു സാധ്യമല്ല.സാഹിത്യത്തിന്റെയും കലകളുടെയും ഉള്ളറകളിലൂടെ മനുഷ്യസംസ്കാരം കണ്ടെത്താൻ വിദ്യാർത്ഥികൾക്കു കഴിയണം. ഇതിന് കുട്ടികൾക്ക് അവസരം നൽകുന്ന ഒരു സംരംഭംമാണ് ഈ ഡിജിറ്റൽ മാസിക.

ലളിതസുന്ദരമായ അനേകം സൃഷ്ടികൾ ഉൾപ്പെടുത്തി കുട്ടികൾ മനോഹരമായി തയ്യാറാക്കിയ ഈ ഡിജിറ്റൽ മാസിക ഒരു കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണ്.സാഹിത്യാഭിരുചിയെ വളർത്താൻ സഹായിക്കുന്ന ഇത്തരം അവസരങ്ങൾ നന്നായി പ്രയോജനപ്പെടുത്താൻ നിങ്ങൾക്ക് കഴിയട്ടെ.ഒൻപതാം ക്ലാസിലെ കൂട്ടുകാർ ഒത്തുചേർന്ന് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

സ്നേഹത്തോടെ

*കൈറ്റ്  മാസ്റ്റർ സോണി മാത്യു കൈറ്റ് മിസ്ട്രസ് ജിജിമോൾ പി.ജെ*



# EDITORIAL BOARD

## H M - SUBASH K BABU

KITE MASTER - SONY MATHEW
KITE MISTRESS – JIJIMOL PJ

CHIEF EDITORS – DANISH BIJU
ALEN TS
ABINTO TENNICHAN

MEMBERS – GOPIKA C B
MEENU ANTONY
ALEENA THOMAS
THERES BENNY
AVIN FRANCIS
SOORYA DAS





# ദേശസ്നേഹം

സയാം എന്നൊരു ചെറിയ രാജ്യമുണ്ട് . അവിടെയുള്ള ഒരു ഗ്രാമത്തിലാണ് ചിയാങ് പിറന്നത് . അവന ജന്മനാ മുടന്തനായുരുന്നു . അവന്റെ അമ്മയും അച്ഛനും അതുകാരണം വളരെ ദുഖിതരായിരുന്നു. സ്വഗ്രഹത്തിലിരുന്ന് ചിയാങ് എഴുതുവാനും വായിക്കാനും പഠിച്ചു. തനിയെ നടക്കാനുള്ള കഴിവ് അവനുണ്ടായിരുന്നില്ല . എങ്കിലും തന്റെ നാടിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അവനു തോന്നി എന്നാൽ ഒരു മുടന്തന് എന്താണു ചെയ്യാൻ കഴിയുക!

അയൽപക്കത്തെ ഒരു കുട്ടി പട്ടാളത്തിൽ ചേറ്ന്നു . ശത്രുക്കൾ നാട് ആക്റമിച്ചാൽ അവൻ നാടിനുവേണ്ടി പടവെട്ടും മുടന്തനെ ആരെങ്കിലും പട്ടാളത്തിൽ ചാർക്കുമോ?

മറ്റൊരു ബാലൻ അച്ഛനെ സഹായിക്കാൻ വയലിലേക്കു പോകുന്നത് ചിയാങ് കണ്ടു . ചിയാങ്ങിന്റെ അച്ഛനും കൃഷിക്കാരനായിരുന്നു . മുടന്തനായ മകൻ എങ്ങനെ പിതാവിനെ സഹായിക്കും ? അതുവിചാരിക്കുമ്പോൾ അവന്റെ കണ്ണുകൾ നിറയും.

**ഒരു ദിവസം ചിയാങ് നിരങ്ങി നിരങ്ങി പാതയിൽ എത്തി. ധാരാളം ആളുകൾ പോവുകയും വരുകയും ചെയതിരുന്ന ആ വഴിയുടെ വക്കിൽ തണൽ മരങ്ങൾ ഇല്ലായിരുന്നു. അവൻ മടിയിൽ കരുതിവച്ചിരുന്ന വിത്തുകൾ പാതയുടെ ഇരുവശത്തും അവിടിവിടായി കുഴിച്ചിട്ടു . ജനങ്ങൾക്ക് അവന്റെ പ്രെവൃത്തിയിൽ പുതുമഴ പെയതപ്പോൾ വിത്തുകളെല്ലാം മുളച്ചു . അഞ്ചാറുകൊല്ലംകൊണ്ട് അവ വളറ്ന്നു . കൊമ്പും ചില്ലയും തഴച്ചു തണൽ മരങ്ങളായി . വേനൽക്കാലത്ത് സഞ്ചരിക്കുന്നവർക്ക് ആ തണൽ മരങ്ങൾ വലിയ സഹായമായിത്തീർന്നു. ആ തണലിലിരുന്ന് ക്ഷീണം തീർക്കുമ്പോഴും ആ വഴിയിലൂടെ പോകുമ്പോഴും യാത്രക്കാർ ചിയാങ്ങിനെ ഓർമിക്കാറുണ്ട് ; പുകഴ്താറുണ്ട്.**

# *മലയാളം*

മഴതൻമർമ്മരം മലയാളത്തിൽ ഈ-
പുഴതൻസല്ലാപം മലയാളത്തിൽ,ഈ
ഇളവെയിൽ മന്ദം ചിരിതൂകുന്നതേ
അഴകുപൂക്കുമീ ഹൃദയഭാഷയിൽ!
കുയിൽ പാടുന്നതും,കിളിചിലപ്പതും
മയിലാടുന്നതും മലയാളത്തിൽ,എൻ
പ്രണയസ്വപ്നങ്ങൾ തളിരിടുന്നതും
പ്രിയമെഴുന്നൊരി മധുരഭാഷയിൽ
എൻ മലയാളം....



# *പരേതൻ*

**ചാനലുകാരുടെ ലൈറ്റിന്റെ
തീക്ഷ്ണത സഹിക്കാൻ
വയ്യാഞ്ഞിട്ടാണ്
പരേതൻ കണ്ണു തുറന്നു
ചുറ്റുപാടും നോക്കിയത്
നീരണിഞ്ഞ കണ്ണുകളുമായി
ചാനൽ ക്യാമറയെ നോക്കി
പരേതനെ പ്രകീർത്തിച്ച്
ബദ്ധശത്രുക്കൾ പോലും
പറയുന്ന വാക്കുകൾ കേട്ടു
പുച്ഛം തോന്നി അദ്ദേഹം കണ്ണുകൾ അടച്ചു
ദർഭയണിഞ്ഞ വിരലുകൾ
മകൻ ചുണ്ടിലേക്ക്പാലിറ്റിക്കുമ്പോഴാണ്
അദ്ദേഹം കണ്ടത്
ഞെട്ടി ഉണർന്നപ്പോഴാമണ്
താൻ കണ്ടത് സ്വപ്നമായിരുന്നുവെന്ന്
അദ്ദേഹം ഞെട്ടലോടെ ഓർത്തു.....**



# കരിക്ക്സൂത്രം

*തേന്മലക്കാട്ടിൽ വീരു എന്നൊരു മുയൽകുട്ടനുണ്ടാപണ്ട്* പണ്ട് കാട്ടിൽ ഒരു തത്തയുണ്ടായിരുന്നു.ഒരു വേനൽക്കാലത്ത് പക്ഷികളെല്ലാം അവരവരുടെ കൂടുകളിൽ വിശ്രമിക്കുകയായിരുന്നു.എല്ലാവരും സൂക്ഷിച്ചോ കാട്ടുതീ വരാനിടയുണ്ട്.പ്രായം ചെന്ന ഒരുകഴുകൻ



പറഞ്ഞു.കുറച്ചുസമയം കഴിഞ്ഞ് അകലെയുള്ള ഒരു മരത്തിന്റെ ചില്ലകുട്ടിയുരച്ച് കത്തുന്നത് കാട്ടിലെ എല്ലാ മൃഗങ്ങളും പക്ഷകളും കണ്ടു.എങ്കിൽ ഞാൻ പോയി തീകെടുത്താം




നല്ലവളായ തത്ത പറഞ്ഞു.തത്ത വേഗം തീ പിടിച്ച മരത്തിനടുത്തേയ്ക്ക് പറന്നു ചെന്നു.അപ്പോഴേയ്ക്കും തീ പിടിച്ച ചില്ല മരത്തിന്റെ താവേയ്ക്ക് വീവാൻ.*യിരുന്നുതാനാണ് കാട്ടിലെ എറ്റവും വലിയ സുന്ദരനെന്നായിരുന്നു അവന്റെ ഭാവം. ഒരു ദിവസം വീരു കളിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു വിളി കേട്ടു."വീരു ഞാനും നിന്റെ കൂടെ കളിച്ചോട്ടെ ?"ചെമ്പൻ കുരങ്ങനായിരുന്നു അത്.അവനെ കണ്ടപ്പോൾ വീരു മുഖം ചുളിച്ചു."ഹും വേണ്ട നിന്നെപ്പോലുള്ള കുരങ്ങൻമാരൊന്നും എന്റെ കൂടെ കളിക്കണ്ട".വീരുവിന്റെ മറുപടികേട്ട് ചെമ്പന് സങ്കടമായി.അവൻ തിരിച്ച് നടന്നു.പെട്ടന്നാണ് ഒരു നിലവിളി കേട്ടത്."ഹയ്യോ രക്ഷിക്കണമേ".ചെമ്പൻ തിരിഞ്ഞ് നോക്കിയപ്പോൾ വീരുവിനെ അതാ ഒരു ചെന്നായ പിടികൂടിക്കൊണ്ട് പോവുന്നു."പാവം വീരു.അവനെ രക്ഷിക്കണം". ചെമ്പൻ ഉടൻ തന്നെ ഒരു തെങ്ങിൻ മുകളിൽ കയറി ഒരു കരിക്കു പറിച്ച് കാത്തിരുന്നു.വീരുവിനെയുംകൊണ്ട് ചെന്നായ തെങ്ങിൻ ചുവട്ടിൽ എത്തിയതും ചെമ്പൻ കരിക്ക് താഴെ ഇട്ടു "പ്ധിം".കൃത്യംചെന്നായയുടെ തലയിൽ തന്നെവീണു."ഹിന്റമ്മോ"പേടിച്ചുപോയ ചെന്നായ വീരുവിനെ താഴെയിട്ട് ഒറ്റയോട്ടം.മുമ്പ് കളിയാക്കി വിട്ട ചെമ്പൻ കുരങ്ങനാണ് തന്നെ രക്ഷിച്ചതെന്ന് വീരു കണ്ടു.സുന്ദരൻമാരെയല്ല ബുദ്ധിയുള്ളവൻമാരെയാണ് കൂട്ടുകാരാക്കേണ്ടതെന്ന്*

വീരുവിന് മനസ്സിലായി....

# തത്തക്ക് കിട്ടിയ സമ്മാനം

പണ്ട് പണ്ട് തത്തകളുടെ തൂവലിന് തവിട്ട് നിറവും ചുണ്ടിന് കറുത്ത നിറവുമായിരുന്നു.അവയ്ക്ക് ചുവപ്പുനിറമുള്ള ചുണ്ടുകളും പച്ചനിറമുള്ള തൂവലുകളും കിട്ടിയതിനു പിന്നിലെ കഥയിതാ.

പണ്ട് പണ്ട് കാട്ടിൽ ഒരു തത്തയുണ്ടായിരുന്നു.ഒരു വേനൽക്കാലത്ത് പക്ഷികളെല്ലാം അവരവരുടെ കൂടുകളിൽ വിശ്രമിക്കുകയായിരുന്നു.എല്ലാവരും സൂക്ഷിച്ചോ കാട്ടുതീ വരാനിടയുണ്ട്.പ്രായം ചെന്ന ഒരുകഴുകൻ പറഞ്ഞു.കുറച്ചുസമയം കഴിഞ്ഞ് അകലെയുള്ള ഒരു മരത്തിന്റെ ചില്ലക്കുട്ടിയുരച്ച് കത്തുന്നത് കാട്ടിലെ എല്ലാ മൃഗങ്ങളും പക്ഷകളും കണ്ടു.എങ്കിൽ ഞാൻ പോയി തീകെടുത്താം നല്ലവളായ തത്ത പറഞ്ഞു.തത്ത വേഗം തീ പിടിച്ച മരത്തിനടുത്തേയ്ക്ക് പറന്നു ചെന്നു.അപ്പോഴേയ്ക്കും തീ പിടിച്ച ചില്ല മരത്തിന്റെ താവേയ്ക്ക് വീവാൻ തുടങ്ങുകയായിരുന്നു.തത്ത അടുത്ത് ചെന്നപ്പോഴേയ്ക്കും ചില്ല താഴെ വീണിരുന്നു.അയ്യോ പുല്ലിന് തീ പടരുമല്ലോ തത്ത പറഞ്ഞു.എന്നിട്ട് വീണുകൊണ്ടിരുന്ന ച്ല്ലകൾ റാഞ്ചിയെടുത്ത്ു.എന്നിട്ട് അടുത്തുള്ള കുത്തിലേയ്ക്ക് പറന്നു ചെന്നു.

# <u>അതു നല്ല തമാശ</u>

ചന്തുണ്ണിയുടെ ചങ്ങാതിമാർ നല്ല തമാശക്കാരാണ്.ഒരു ദിവസം ചന്തുണ്ണി ചങ്ങാതിമാരുടെ അടുത്തേക്ക് ചെന്നു.ഉടൻ തമാശവീരൻ  കോമപ്പൻ എന്തോ പറഞ്ഞ് ചന്തുണ്ണിയെ കളിയാക്കി.അപ്പോൾ ചന്തുണ്ണി പറഞ്ഞു ''നമ്മൾ ആരെയും കളിയാക്കരുത്  ദേ.....ഞാനിങ്ങോട്ട് വരുന്ന വഴിക്ക് ഒരാൾ പഴത്തൊലിയിൽ ചവിട്ടി വീണ്'' എന്നിട്ട്?  കോമപ്പൻ ചോദിച്ചു.എന്നിട്ടെന്താ എല്ലാവരും ചിരിച്ചു.ഞാൻ മാത്രം ചിരിച്ചില്ല.'' അതെന്താ? കോമപ്പൻ ചോദിച്ചു അപ്പോൾ ചന്തുണ്ണി പറഞ്ഞു ഹി...ഹി....  വീണതോ ഞാനാ.

# <u>എന്തൊരു മടി</u>

അപ്പയ്യൻ മുതലാളിയുടെ പണിക്കാരനായിരുന്നു ഗോലു.ആളൊരു തടിമാടനായിരുന്നെങ്കിലും ഒരു മടിയനായിരുന്നു.ഒരു ദിവസം രാവിലെ ഒന്നും ചെയ്യാതെ കുത്തിയിരിക്കുന്ന ഗോലുവിനേക്കണ്ട് അപ്പയ്യൻ ചോദിച്ചു.എന്തു പറ്റി? ഗോലു പറഞ്ഞു.മുതലാളി രാവിലെ പട്ടിണിയാ ഒന്നും കഴിക്കാതെ എങ്ങനെയാ ജോലിയെടുക്കുന്നത്?

മുതലാളിക്ക് വിഷമം തോന്നി.അടുക്കളയിൽ വല്ലതും പോയ് കഴിച്ചോ.ഇത്രയും കേൾക്കണ്ട താമസം ഗോലു നേരെ അടുക്കളയിലെത്തി കിട്ടിയതെല്ലാം അകത്താക്കി.മൂക്കുമുട്ടെ കഴിച്ച ഗോലു നേരെ പഴയ സ്ഥലത്ത് പോയിരുന്ന് ഉറങ്ങാൻ തുടങ്ങി.ഇതു കണ്ട അപ്പയ്യന് കലി കയറി.ഇപ്പോഴെന്താ പണി ചെയ്യാത്തത്?ഉടനെ ഗോലു പറഞ്ഞു മുതലാളി വയറിങ്ങനെ നിറഞ്ഞാൽ വല്ല ജോലിയും ചെയ്യാൻ പറ്റുമോ! അനങ്ങാൻ കൂടി പറ്റില്ല.ഇത്തിരി കഴിയട്ടെ.
***ഗോലുവിന്റെ മറുപടി കേട്ട് അപ്പയ്യൻ മിഴിച്ചുനിന്നു പോയി...***

# പഴഞ്ചൊല്ലുകൾ

1. വിദ്യാധനം സർവ്വധനാൽ പ്രധാനം
2. മിന്നുന്നതെല്ലാം പൊന്നല്ല
3. ഐക്യമത്യം മഹാബലം
4. പലതുള്ളി പെരുവെള്ളം
5. അഴകുള്ള ചക്കയിൽ ചുളയില്ല
6. മുറ്റത്തെ മുല്ലക്ക് മണമില്ല
7. ഇക്കരെ നിന്നാൽ അക്കരെപച്ച
8. കുരയ്ക്കും പട്ടി കടിക്കില്ല
9. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
10. മടിയൻ മല ചുമക്കും
11. താൻ പാതി ദൈവം പാതി
12. സുക്ഷിച്ചാൽ ദുഖിക്കേണ്ട
13. മിണ്ടാപ്പൂച്ച കലമുടയ്ക്കും
14. പൂച്ചയ്ക്ക് ആര് മണികെട്ടും
15. അടി തെറ്റിയാൽ ആനയും വീഴും
16. അണ്ണാരക്കണ്ണനും തന്നാലായത്
17. അതികമായാൽ അമൃതം വിഷം
18. കാക്ക കുളിച്ചാൽ കൊക്കാവുമോ
19. അധ്വാനിക്കാതെ നേട്ടമില്ല
20. ഗതികെട്ടാൽ പുലി പുല്ലും തിന്നും

# മാക്രി മാറി, തവളയായി

ക്രിസതുമസ് അവധി കഴിഞ്ഞ് മനക്കുട്ടൻ "ധടുപടു "വെന്ന് പുസ്തകവും നോട്ടുബുക്കുമൊക്കെ ബാഗിലാക്കി സ്കൂളിലേക്ക് പുറപ്പെടാനൊരുങ്ങി അപ്പോഴാണ് സയൻസ് ടീച്ചർ എന്തോ പടം വരച്ചുകൊണ്ടുവരണം എന്നു പറഞ്ഞത് മനക്കുട്ടൻ ഓർത്തത്.

'എന്തു പടമാ...? ശ്ശൊ മറന്നു!

മനക്കുട്ടൻ മനസ്സിൽ തോന്നിയ ഒരു പടം വരച്ചുകൊണ്ട് സ്കൂളിൽ ചെന്നു അതു കണ്ട് ടീച്ചർ ചോദിച്ചു ഇതെന്താ?വാൽ മാക്രിയെ വരച്ചു കൊണ്ടു വരണമെന്നു പറഞ്ഞിട്ട് തവളയെ ആണോ വരച്ചത്!

മനക്കുട്ടന്റെ മുഖം മങ്ങി അവൻ ചിന്തയിലാണ്ടു പെട്ടെന്ന് മനക്കുട്ടന്റെ മുഖം തെളിഞ്ഞു ഒരു പരുങ്ങലോടെ അവൻ തട്ടിവിട്ടു ടീച്ചർ അന്നേ ഞാൻ വാൽമാക്രിയെ വരച്ചതാ.ഒരാഴ്ച് കഴിഞ്ഞപ്പോഴേക്കും അത് തവളയായിപ്പോയി ഇത് എന്റെ കുഴപ്പമല്ലല്ലോ.വാൽമാക്രി കുറേ നാൾ കഴിഞ്ഞാൽ തവളയാകുമെന്ന് ടീച്ചർ തന്നെയല്ലേ പടിപ്പിച്ചത്....."

# കഥകളി

 വിവിധ കലകളുടെ സമഞ്ജസസമ്മേളനം കൊണ്ട്
പൂർണതയിലെത്തിയ
കലാരൂപമാണ്കഥകളിനൃത്തം,സംഗീതം,അഭിനയം, വാദ്യംഎന്നീ
കലകളിൽ ലയിച്ചു
ചേർന്നിരിക്കുന്നു.കഥകളിയുടെ
സാഹിത്യ രൂപമാണ്
ആട്ടക്കഥ.രാമനാട്ടകർത്താവായ
കൊട്ടാരക്കരത്തമ്പുരാൻത്തന്നെയാണ്
ആട്ടക്കഥാസാഹിത്യത്തിന്റെ
ഉപജ്ഞാതാവായ് നാം
കണക്കാക്കുന്നത്.



 കഥകളിയിലെ
പ്രധാന വേഷങ്ങളാണ്
പച്ച,കത്തി,കരി,താടി,മിനുക്ക് എന്നിവ .കഥകളിയിലെ
ചില കലാകാരൻമാരാണ് കോട്ടക്കൽ ശിവരാമൻ,രാമൻ
കുട്ടി ആശാൻ,ചമ്പക്കുളം പാച്ചുപിള്ള,കലാമണ്ഡലം
കൃഷ്ണൻനായർ എന്നിവർ

# <u>നാടൻപാട്ട്</u>

തന്നാനം   തന്നാനം  തന്നാനം താരോ

തന്നാനം   തന്നാനം  തന്നാനം താരോ

നമയല്ലോ ചങ്ങാതി ഞാൻ പോയി കണ്ടതും

ആലത്തൂരങ്ങാടി ഞാൻ പോയി വരുമ്പോഴ്

ആകാശം തൊട്ടുതൊടാനൊരാൽമരം

ആലിപ്പഴം പൂത്തുനിറഞ്ഞതീ കണ്ണാലെ

നണയല്ലോ ചങ്ങാതി ഞാൻ പോയ് കണ്ടതും

(തന്നാനം........)

ആറാട്ട് പൂരം കഴിഞ്ഞ് മടങ്ങുമ്പോൾ

കൊമ്പനാന കത്തീട്ടഞ്ചാള മരിച്ചെന്ന്

ആനയെ തളയ്ക്കാൻ വയ്യാതാകെ വലഞ്ഞെന്നു

നണയല്ലെ ചങ്ങാതി ഞാൻ പോയ് കണ്ടതാണേ

(തന്നാനം........)



# <u>ആന പറ്റിച്ചു</u>

ഒരിടത്ത് ഒരു കോഴിയമ്മയും കുറേ കോഴിക്കുഞ്ഞുങ്ങളുമുണ്ടായിരുന്നു. എല്ലാവരും നല്ല വെളുത്ത നിറമുള്ളവരായിന്നു. ഒരു ദിവസം കോഴിയമ്മ പറഞ്ഞു " നമ്മുക്ക് ആനയെ കാണാം  പോവാം''. കോഴിക്കുഞ്ഞുങ്ങൾക്ക് സന്തോഷമായി. എല്ലാവരും പോകാൻ ഒരുങ്ങിത്തുടങ്ങി. കൂട്ടത്തിൽ ടിട്ടു എന്നൊരു കോഴിക്കുഞ്ഞുണ്ടായിരുന്നു. ടിട്ടു വിചാരിച്ചു ആനയ്ക്ക് കറുത്തനിറമല്ലേഅപ്പോൾ ആനയ്ക്ക് കറുത്ത നിറമുള്ളവരെ കൂടുതൽ ഇഷ്ടമാവും. ടിട്ടു വേഗം കുറേ കരിയെടുത്ത് തന്റെ മേത്ത് പൂശി. അങ്ങനെ ടിട്ടു നല്ല കറുത്ത നിറമായി. വൈകാതെ കോഴിയമ്മയും മക്കളും അനയുടെ അടുത്തെത്തി. എന്റെ മക്കൾക്ക് എന്തെങ്കിലും വിദ്യകൾ കാണിച്ചു കൊടുക്കാമോ. ആന
സമ്മതിച്ചു. അവൻ വേഗം ഒരു വമ്പൻ തടി എടുത്ത് പൊക്കിക്കാണിച്ചു ഒരു വമ്പൻ മരം പിടിച്ചു കുലുക്കിക്കാണിച്ചു. കോവിക്കുഞ്ഞുങ്ങൾ കൈയ്യടിച്ചു. അടുത്തതായ് ആന തുമ്പിക്കൈയ്യിൽ കുറേ വെള്ളമെടുത്ത് ശീ... എന്നുചീറ്റി. കുറേ വെള്ളം കോഴിക്കുഞ്ഞുങ്ങളുടെ മേത്ത് വീണു. അപ്പോൾ ടിട്ടുവിന്റെ മേത്തുള്ള കരി മുഴുവൻ ഇളകിപ്പോയി. അതു കണ്ട ആന പൊട്ടിച്ചിരിച്ചു. ടിട്ടു നാണിച്ചുപോയി



# തീണ്ടലാണെന്നും

പുഞ്ചപ്പാടത്തെ പൂക്കൈതയിലെ
പുന്നാരപ്പാട്ടൊന്നു പാടാമോ
അക്കണ്ടം നട്ടു ഞാൻ   ഇക്കണ്ടം നട്ടു ഞാൻ
മേലെക്കണ്ടത്തിൽ ഞാറു നട്ടു
ഞാറു കുത്തി കേറി വരുമ്പം
എന്നാലും തമ്പ്രാന് തീണ്ടലാണ്  (പുഞ്ച...)
നെല്ലായ നെല്ലെല്ലാം കൊയ്തു മെതിച്ച്
അറയിലിട്ടുമ്പം തീണ്ടലില്ല
അറകൾ നിറച്ച് പത്തായം നിറച്ച്
ഇറങ്ങി വരുമ്പോഴും തീണ്ടലാണ് (പുഞ്ച...)
പൊൻമണി വാരി അറ നിറച്ചാലും
കേറിയിറങ്ങിയാലും തീണ്ടലില്ല
കൊയ്ത്തുകഴിഞ്ഞ്  പടിപ്പുര കേറിയാ
പിന്നെയും തമ്പ്രാന് തീണ്ടലാണ് (പുഞ്ച...)
കന്നിക്കൊയ്ത്ത് കഴിഞ്ഞ പാടത്ത്
നെൻമണി വാരി വിതറിയാലും
മാസം പലതുകഴിഞ്ഞാലും പിന്നെയും
പിന്നെയും തമ്പ്രാന്റെ മുഖത്ത് കോപം തന്നെ  (പുഞ്ച...)



# പരിസ്ഥിതി പ്രശ്നങ്ങൾ

ആഗോളതലത്തിൽ കടുത്തഭീഷണിയുയർത്തുന്ന ഒരു പ്രശ്നമാണ് പരിസ്ഥിതിപ്രശ്നങ്ങൾ. ഭൂജലം, വായു തുടങ്ങിയവയെയൊക്കെത്തന്നെ പരിസ്ഥിതി പ്രശ്നങ്ങൾ കടന്നാക്രമിച്ചു കഴിഞ്ഞിരിക്കുന്നു.

സമൃദ്ധമായ ജലസമ്പത്തിന്റെ ഉടമയാണ് കേരളം. ഈ സമൃദ്ധിക്ക് ഊനം തട്ടിയിരിക്കുന്നു. വ്യവസായശാലകളിൽനിന്നുള്ള നിർഗമം ശുദ്ധീകരിക്കാതെയോ ഭാഗികമായോ മാത്രം ശുദ്ധീകരിച്ചോ പുഴകളിലേയ്ക്ക് ഒഴുകുന്നതാണ് ജലമലിനീകരണത്തിന് പ്രധാന കാരണം. ഇക്കാര്യത്തിൽ ഏറ്റവും വലിയ കുറ്റവാളികൾ പേപ്പർ പൾ ഫാക്ടറികളാണ്. പുഴ മലിനമാവുന്നതുമൂലം മത്സ്യങ്ങൾ ചത്തുപൊങ്ങുകയും മീൻ പിടുത്തക്കാർ പട്ടിണിയിലാവുകയും ചെയ്യുന്നു. കൂടാതെ കള്ളത്തടിവെട്ട് വനം കയ്യേറ്റം



തുടങ്ങിയവ വൻ തോതിലുള്ള വനനാശത്തിന് കാരണമാവുന്നു. വിറകിന്റെ ക്ഷാമവും വിലക്കയറ്റവും വനനശീകരണത്തിന്റെ മറ്റൊരു പരോക്ഷഫലങ്ഹളാണ് . വനനശീകരണം മണ്ണൊലിപ്പിനും മണ്ണൊലിപ്പ് വെള്ളപ്പൊക്കത്തിനും കാരണമാവുന്നു. പുഴകൾ പലതും വറ്റിപ്പോവുകയും ജലാശയങ്ങൾ നശിച്ച് പോവുന്നതും വനനശീകരണത്തിന്റെ അനന്തരഫലങ്ങളാണ്. ഫാക്ടറികളിൽ നിന്നുള്ള പുകയും പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ഫലമായി ഉണ്ടാവുന്ന പുകയും ഫ്രിഡ്ജ് ഏ.സി തുടങ്ങിയവയിൽ നിന്നുള്ള സി.എഫ്.സി വായു മലിനീകരണത്തിന്കാരണമാവുന്നു. സർക്കാർ മലിനീകരണ നിയന്ത്രണത്തിനായ് നിയമങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും മലിനീകരണത്തിനും വലിയ കുറവൊന്നുമില്ല.

ഇഷ്ടിക നിർമ്മാണത്തിനായ് നിരന്തരമായ കളിമൺ ഖനനം നടത്തുന്നതിന്റെ ഫലമായും അനിയന്ത്രിതമായ കക്കവാരൽ സ്വർണ്ണഖനനം എന്നിവയുടെ ഫലമായും പരിസ്ഥിതി പ്രശ്നങ്ങളുണ്ടാവുന്നു.

മോട്ടോർവാഹനങ്ങളുടെ വർധനവ് വായു-ശബ്ദമലിനീകരണങ്ങൾക്ക് കാരണമാവുന്നു. എന്ത്രവൽകൃത മത്സ്യ ബന്ധന രീതിയിലൂടെ അനിയന്ത്രിതമായ ഉപയോഗം നിമിത്തം കേരളത്തിന്റെ സവിശേഷതയായി വിവരിക്കപ്പെടുന്ന പല മത്സ്യജനുസ്സുകളും അപ്രതിക്ഷമായി കഴിഞ്ഞിരിക്കുന്നു.

ഇതിനെല്ലാം എതിരെ നാം പോരാടണം.

മലിനീകരണം നമ്മുടെ ലോകത്തുനിന്ന് പരമാവധി തുടച്ചുമാറ്റണം. അതിനായ് നമ്മുക്ക് ഒന്നിച്ച് മുന്നേറാം

***<u>മഹദ് വചനങ്ങൾ</u>***

## -അധ്വാനം

- *ജീവിതത്തിന് ശക്തി നൽകുന്നത് പ്രവർത്തനമാണ്.*
- *കർമ്മമാണ് ജീവിതത്തിന്റെ ലക്ഷ്യം.*
- *തൊഴിൽ ചെയ്യുകയെന്നത് ഒരു സാമൂഹികാവശ്യമാണ്.അതായത് വ്യക്തിയും സമൂഹവും തമ്മിലുള്ള പൊരുത്തപ്പെടലിന്റെ ഒരു ഭാഗമാണ് തൊഴിൽ ചെയ്യുകയെന്നത്*

*മനുഷ്യൻ അധ്വാനിക്കണം അധ്വാനിക്കാതെ മനുഷ്യന് ഒന്നും ചെയ്യാൻ ആവില്ല.*

# നിളയുടെ തീരങ്ങളിലൂടെ ഒരു യാത്ര



മലയാളികൾക്ക് നിളാനദി വെറുമൊരു പുഴയല്ല. തനിമയുടെയും പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രങ്ങളാണ് നിളയുടെ തീരങ്ങൾ ഭാരതപ്പുഴയുടെ തീരത്തുകൂടി ഒരുയാത്ര .ചരിത്രത്തിലൂടെയും സംസ്കാരത്തിലൂടെയുമുള്ള യാത്രയാണത്. ജീവിതത്തിൽ മറക്കാനാവത്ത കുറേ നിമിഷങ്ങൾ. ഈ നദിയുടെ കരകളിലാണ് കേരളത്തിന്റെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങളെല്ലാം സ്ഥിതി ചെയ്യുന്നത്.

ഭാരതപ്പുഴയുടെ കൈവഴിയായ തിരുർപ്പുഴയുടെ തീരത്തുള്ള തുഞ്ചൻപറമ്പിലാണ് ആധുനിക മലയാളഭാഷയുടെ പിതാവായ എഴുത്തച്ഛൻ ജീവിച്ചിരുന്നത്. തിരുമില്വാമലയെയും കിള്ളിക്കുശ്ശിമംഗലത്തെയും രണ്ടുകരകളിലേക്ക് വിഭജിച്ചുകൊണ്ട് കരകളിലേക്ക് ഒഴുകുന്നു.

ഇവയെല്ലാം മനസ്സിൽ പതിപ്പിച്ച് ചെറുതുരുത്തിലെത്തിയപ്പോൾ തിരത്ത് തലയെടുപ്പോടെ കലാമണ്ഡലം. വെട്ടത്തുനാട്ടിൽ വള്ളത്തോൾ നെഞ്ചിലേറ്റിയ സ്വപ്നമാണീ സൗധം. വെള്ളിനേഴിയിലെ ഒളപ്പമണ്ണ മന പണ്ടു മുതൽക്കേ നിളാതീര കലകളുടെ ഉത്ഭവകേന്ദ്രമായിരുന്നു. ആ കലാ പാരമ്പര്യത്തിൽ ജനിച്ചുവളർന്ന കവിയാണ് ഒളപ്പമണ്ണ.

തിരുന്നാവായിലെത്തുമ്പോൾ ചരിത്ര പ്രസിദ്ധമായ മാമാങ്കം നമ്മുടെ മനസ്സിലേക്ക് കടന്നുവരും. ഈ മണൽപ്പുറത്തെ മണൽത്തരികൾക്ക് എന്തെല്ലാം പറയാനുണ്ടാവും എന്ന് ഒരു നിമിഷമെങ്കിലും ചിന്തിച്ചുപോകാത്തവർ ആരുമില്ല. ആധികാര വർഗത്തിന്റെ കിടമത്സരങ്ങൾക്കിരയായ് ജീവൻ ഹോമിക്കപ്പെട്ട വള്ളുവനാട്ടിന്റെ വീരയോദ്ധാക്കൾ നമ്മുടെ സ്മരണയിലെത്തും.

ഈ പുഴയുമായ് ബന്ധമുള്ളവർ അനേകം നാലപ്പാടൻ , അക്കിത്തം........... പേരുകൾ തീരുന്നില്ല. ചരിത്രവാഹിയായ സർഗ്ഗവാഹിയായ പുഴ-ഭാരതപ്പുഴ

# വിത്തിടീൽ പാട്ട്

തെയ്യത്തിനന്താ - തിനന്തിനിന്താരാ
താരാതിനിന്താ



- തിനന്തിനിന്താരാ
നമ്മുടെ കണ്ടത്തി
ചങ്കുകണ്ടത്തി
നാളെ നമുക്കൊരു
വിത്തിടലാണേ
നീലിയും തേനിയും
കൊച്ചിക്കേം നാണിം
ചങ്കുകണ്ടത്തിന്റെ ചന്തം
കണ്ടമ്മോ
അന്തതക്കും മുന്തിക്കും
ചങ്കുകണ്ടത്തി
തങ്കച്ചിലങ്ക കിലുങ്ങും
പെണ്ണാളെ
ചങ്കുകണ്ടത്തിന്റടിത്തട്ടീച്ചെന്നാ
തങ്കം കൊണ്ടൊള്ള ചെലങ്കയൊണ്ടമ്മോ
മേലേ വയലിന്റരികം തലയ്ക്കേ
ചേലൊള്ള യക്ഷി ചിലയ്ക്കും പെണ്ണാളെ
ചങ്കുകണ്ടത്തിന്റെ ചന്തം കണ്ടോളെ
ചങ്കിച്ചുനിൽക്കും കറുമ്പിപ്പെണ്ണാളെ
പൂട്ടുന്ന കാള പൊതഞ്ഞങ്ങുപോയേ
കാളവലിക്കും കയപ്പക്കൊയവും
നീളത്തിലോട്ടം കൊലകൊമ്പന്മാരും
മാമ്പുള്ളിക്കാള വലത്തും നെരന്നേ
ചെമ്പോളക്കാള ഇടത്തും നെരന്നേ
അമ്പറക്കണ്ടം കണ്ടന്തിച്ചുനിന്നേ
തെയ്യത്തിനന്താ - തിനന്തിനിന്താരാ
താരാതിനിന്താ -തിനന്തിനിന്താരാ

# ഓടിക്കോടാ!

പറന്നു കൊണ്ടരിക്കുന്ന വിമാനത്തിന് എഞ്ചിൻ തകരാറ്. പല യാത്രക്കാരും പാരച്യൂട്ടിൽ താഴേക്കുചാടി.ഒപ്പം ഇട്ടൂണ്ണി എന്നയാളും ഉണ്ടായിരുന്നു. ഇട്ടൂണ്ണി കൊടുംകാട്ടിലാണ് ചെന്നിറങ്ങിയത്.അതും നരഭോജികളുടെ മുൻപിൽ!



ഇട്ടൂണ്ണി പെടിച്ചു പോയി.നരഭോജികളെ നരഭോജികൾ തിന്നുകയില്ല എന്നു കേട്ടിട്ടുണ്ട്.ഞാനും ഒരു നരഭോജിയാണെന്ന് ഇവർക്ക് തോന്നിയാൽ എന്നെ വെറുതെ വിടും.അതിന് ഒരു സൂത്രം പ്രയോഗിക്കാം.ഇങ്ങനെ കിട്ടൂണ്ണി കരുതി.കിട്ടൂണ്ണി അടുത്ത് നിന്ന ഒരു നരഭോജിയുടെ കൈയ്യിൽ കയറി ഒറ്റ കടി.അത് കണ്ട് നരഭോജികൾ ഞെട്ടിപ്പോയി!ഇട്ടൂണ്ണി പ്രതീക്ഷിച്ചതല്ല  പിന്നീട് അവിടെ നടന്നത്.അടുത്ത നിമിഷം നരഭോജികൾ അലറി വിളിച്ചു .ഇതു പേ പിടിച്ചയാള.ഓടിക്കോടാ!എന്നിട്ട് നരഭോജികളെല്ലാം ഒരൊറ്റയോട്ടം! അവരുടെ പരക്കം പാച്ചിൽ കണ്ട് ഇട്ടൂണ്ണി അന്തം വിട്ട് നിന്നു.

# ഭാഷ ക്വിസ്

1. മലയാളം ഉൾപ്പെടുന്ന ഭാഷാഗോത്രം?

   -ദ്രാവിഡം

2. മനുഷ്യസംസ്കാരത്തിന്റെ തൊട്ടിൽ ദ്രാനവിഡമാണെന്ന് വാദിച്ച പണ്ഡിതൻ?

   -ഫാദർ ഫിറോസ്

3. തെക്കേ ഇന്ത്യയിൽ ആദ്യം സാഹിത്യം ഉത്ഭവിച്ച ഭാഷ ?

   -തമിഴ്

4. മലയാള ഭാഷയിലെഴുതപ്പെട്ട പ്രാചീനലക്ഷണ ഗ്രന്ഥം?

   ലീലാതിലകം

5.വ്യാകരണനിത്രം രചിച്ചത്?

-ശേഷഗിരിപ്രഭു

6.മലയാളഭാഷയ്ക്കു സ്വന്തമായി വിഭക്തിരൂപങ്ങൾ വ്യഖ്യാനിച്ചത്?

-എ.ആർ.രാജരാജവർമ്മ

7.മലയാളത്തിൽ ആദ്യമായൊരു ഭാഷാസാഹാത്യചരിത്രം രചിച്ചത്

ആര്?

-പി.ഗോവിന്ദപ്പിള്ള

# ജീവചരിത്രക്കുറിപ്പ്

## വൈക്കം മുഹമ്മദ് ബഷീർ

1908-ൽ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ വൈക്കം മുഹമ്മദ് ബഷീർ ജനിച്ചു.അദ്ദേഹം പ്രസിദ്ധനായ മലയാളകഥാകൃത്തും നോവലിസ്റ്റും ആണ്.1972-ൽ കേന്ദ്ര സാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു.അദ്ദേഹം കേന്ദ്ര-കേരള സാഹിത്യ അക്കാദമികളുടെ വിശിഷ്ടഗവും ആയിരുന്നു.



# ഫലിതം

1. ഏറ്റവും വലിയ ഗേറ്റ് ?

-കോൾഗേറ്റ്

2. ഗാന്ധിജികാണാത്ത ഇന്ത്യ?

-ലേബർ ഇന്ത്യ

3. ഉണ്ണാൻ പറ്റാത്ത ചോറ് ?

തലച്ചോറ്

4. ഏറ്റവും വലിയ മരം?

സമരം

5. കുളിക്കാൻ പറ്റാത്ത കുളം ?

എർന്നാകുളം

6. ഒരിക്കലും പൂക്കാത്ത മാവ്?

ആത്മാവ്

7. ഗാന്ധിജി ഓടിച്ച കാർ?

ബ്രിട്ടീഷ്ക്കാർ

8. സ്ത്രീകൾ ഇഷ്ടപ്പെടുന്ന ഭരണം?

ആഭരണം

9. ഏറ്റവും വലിയ പൂട്ട്?

ഷോട്ട് പൂട്ട്

# രാമുവിന്റെ ശാപം

ഒരു ഗ്രാമത്തിൽ രാമു എന്നൊരാൾ ഉണ്ടായിരുന്നു.അദ്ദേഹം ഒരു കൃഷിക്കാകരനായിരുന്നു.രാമുവിന് ധാരാളം കൃഷിത്തോട്ടങ്ങൾ ഉണ്ടായിരുന്നു.കൃഷിയിടത്തുനിന്ന് അദ്ദേഹത്തിന് ധരാളം വിളവ് ലഭിച്ചിരുന്നു.ഒരു ദിവസം അദ്ദേഹം തന്റെ നെൽപ്പാടത്തിന്റെ അരുകിലൂടെ നടക്കാനിറങ്ങി.പാടത്ത് നെൽക്കതിരുകൾ വിളഞ്ഞുനിൽക്കുകയാണ്. പെട്ടന്ന് മഴ പെയ്യാൻ തുടങ്ങി.അപ്രതീക്ഷിതമായി മഴ പെയ്തതിനാൽ അദ്ദേഹം വളരെയധികം



കഷ്ടപ്പെട്ടു.കൊയ്യാറായ നെല്ല് മുഴുവൻ വീഴുകയും വെള്ളത്തിൽ മുങ്ങി നശിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണന്നുണ്ടായത്.ഇത് വളരെ വേദനാജനകമായിരുലന്നു.നെല്ലെല്ലാം വെള്ളത്തിൽ വീണ് മുളച്ച് തുടങ്ങി .10 ദിവസം മഴ തുടർച്ചയായി പെയ്യുകയും ചെയ്തു.രാമുവിന്  ഇത് സഹിക്കാൻ കഴിഞ്ഞില്ല.അയാൾ മഴയെ ശപിച്ചു.കുറച്ചു ദിവസത്തിനകം മഴ ശമിച്ചു.രാമുവിന്റെ ശാപത്തെതുടർന്നാണ് പിന്നീട് ആ ഗ്രാമത്തിൽ ഒരു കാലത്തും മഴ പെയ്യാതായി.ഗ്രാമം വരണ്ടുണങ്ങി.ഗ്രാമവാസികളെല്ലാവരും ദൈവത്തോട് മനസുരുകി പ്രർത്ഥിച്ചു. ഒടുവിൽ അവരുടെ പ്രാർത്ഥനയ്ക്ക് ഫലം ഉണ്ടായി.ഗ്രാമത്തിൽ ആവശ്യത്തിന് മഴ ലഭിച്ചു.പിന്നീടാരും മഴയെ ശപിച്ചിട്ടില്ല...

# മണ്ടൻ നായ

ഒരു ദിവസം കിട്ടൻ നായക്ക് ഒരു എല്ല് കിട്ടി.ആരും കാണാതെ തിന്നണമെന്ന് കരുതി എല്ലും കൊണ്ട് അവൻ ഓടി.ഓടുന്നവഴിക്ക് ഒരു തോട്




കടക്കണം.അതിനു മുകളിൽ വീതികുറഞ്ഞ ഒരു തടിപ്പാലം ഉണ്ട്.അതിലൂടെ ഓടുമ്പോൾ കിട്ടൻ താഴെ വെള്ളത്തിലൂടെ ഒരു നായ ഓടുന്നത് കണ്ടു കിട്ടന് ദേഷ്യം വന്നു."ബൗ.. ബൗ" അവൻ കരഞ്ഞു.ബ്ളും!ബ്ളും! എല്ലാം വെള്ളത്തിൽ വീണു.ഓളം കാരണം ഇപപോൾ ആ നായയെ കാണുന്നില്ല.പക്ഷേ അപ്പോഴും കിട്ടനു മനസ്സിലായില്ല അത് തന്റെ നിഴലായിരുന്നു എന്ന്.

# നമുക്ക് നമ്മുടെ വയലില്

തന്തിനന്തിനം തന്തനിന്തിനം
തന്തിനന്തിനം തനതിനം
തന്തിനന്തിനം തനതിനന്തിനം
തന്തിനന്തിനം തനതിനം

ഞാറ്റുപാട്ടുമേറ്റുപാട്ടും
നമുക്ക് നമ്മുടെ വയലില്
തന്തിനന്തിനം തനതിനന്തിനം
തന്തിനന്തിനം തനതിനം

ഏറ്റുകൊട്ടു വെള്ളംകൊരും
നമുക്കും നമ്മുടെ വയലില്
തന്തിനന്തിനം തനതിനന്തിനം
തന്തിനന്തിനം തനതിനം

ഏറ്റുമാടം നോക്കി നിൽക്കും
നമുക്കും നമ്മുടെ വയലില്
തന്തിനന്തിനം തനതിനന്തിനം
തന്തിനന്തിനം തനതിനം

പൂങ്കതിരകളാടിയാടി
നമുക്കും നമ്മുടെ വയലില്
തന്തിനന്തിനം തനതിനന്തിനം
തന്തിനന്തിനം തനതിനം

പൊൻകിളികൾ പാടിവരും
നമുക്കും നമ്മുടെ വയലില്
തന്തിനന്തിനം തനതിനന്തിനം
തന്തിനന്തിനം തനതിനം

# <u>കൃഷിപ്പാട്ട്</u>

# <u>കുഞ്ഞിക്കിളിയേ</u>

# <u>പൈങ്കിളിയേ</u>

*തെയ്യാരോ തെയ്യാരോ*
*തിന്തകതാരോ തെയ്യാരോ!..*
*നേരംപോയ്-നേരംപോയ്*
*എല്ലവരും പോയല്ലോ*
*കുഞ്ഞിക്കിളിയേ പൈങ്കിളിയേ*
*വെക്കം വെക്കം ചെല്ലണ്ണേ*
*തമ്പ്രാനും കൂട്ടാളുകളും*
*വള്ളം കേറിപ്പോയല്ലോ*
*അമ്പാട്ടിലെ നീലീം മാലേം*
*ചേറും നീന്തിപ്പോയല്ലോ*
*നേരംപോയ്-നേരംപോയ്*
*എല്ലാവരും പോയല്ലോ*
*കുഞ്ഞിക്കിളിയേ പൈങ്കിളിയേ*
*വെക്കം വെക്കം ചെല്ലുണ്ണേ*
*നമ്മള്കൊയ്യും വയലെല്ലാം*
*നമ്മടതാകും പൈങ്കിളിയെ!*
*പുഞ്ചക്കണ്ടോം കാരക്കണ്ടോം*
*നമ്മടതാകും പൈങ്കിളിയേ*
*തെയ്യാരോ തെയ്യാരോ*
*തിന്തകതാരോ തെയ്യാരോ*

# കൃഷിക്കാരനും മക്കളും

ഒരിടത്ത് ഒരു കൃഷിക്കാരനുണ്ടായിരുന്നു.നല്ല പരിശ്രമശാലിയായിരുന്ന അയാൾ.ഒരു നിമിഷം വെറുതെ ഇരിക്കില്ല.സ്വന്തമായി ഒരു മുന്തിരിത്തോട്ടമുണ്ടായിരുന്നു അയാൾക്ക്.പക്ഷേ അയാളുടെ മക്കൾ മഹാമടിയന്മാരായിരുന്നു. അവർ അച്ഛനെ സഹായിച്ചതേയില്ല.താൻ മരിച്ചുപോയാൽ ഇവരുടെ ഗതിയെന്താവും എന്നോർത്ത് അയാൾ വേവലാതിപ്പെട്ടുകൊണ്ടിരുന്നു.അങ്ങനെ കാലം കടന്നുപോയി.ഒടുവിൽ ആ കൃഷിക്കാരനു വയസ്സായി മരിക്കാനുള്ള സമയവും വന്നണഞ്ഞു.അയാൾ തന്റെ മക്കളോട് അവസാനമായി പറഞ്ഞു മുന്തിരിത്തോട്ടത്തിൽ ഞാൻ ഒരു നിധി കുഴിച്ചിട്ടുണ്ട് അതെടുത്ത് സുഖമായി ജീവിച്ചുകൊള്ളുക അച്ഛന്റെ മരണശേഷം മക്കൾ തോട്ടം മുഴുവനും കിളച്ചു മറിച്ചു.നിധി കണ്ടില്ല.പക്ഷേ അവർ നന്നായി കിളച്ചതുകൊണ്ട്


# മഴക്കാല അനുഭവക്കുറിപ്പ്

*അന്നൊരു തിങ്കളാഴ്ച്ച വൈകുന്നേരം 4 മണി സ്ക്രൂൾ വിടുന്നനേരമാണ്.അപ്പോൾ നല്ല ഒരു മഴയുടെ ഒരുക്കം നടക്കുകയാണ്ആകാശത്തിൽ . സ്ക്രൂൾ വിടുന്നതുമല്ലാ വലിയ ഒരു മഴ*



**പെയ്യാൻ തുടങ്ങി. അന്ന് എന്നത്തേക്കാലും തണുപ്പ് അനുഭവപ്പെട്ടു. ഞങ്ങൾ പയ്യേ മഴയത്തേക്ക് ഇറങ്ങാൻ തുടങ്ങി.എന്റെ കൂടെ എന്റെ എല്ലാ കൂട്ടുകാരും ഉണ്ടായിരുന്നു. കുട ഞങ്ങളുടെ കൈയ്യിൽ ഉണ്ടെങ്കിലും നനയാനാണ് ഞങ്ങൾക്ക് ഇഷ്ടം. റോട്ടും തോട്ടും പുഴയും എല്ലാം മെത്തി ഒഴുകുകയാണ്. ഞങ്ങൾ പോകുന്ന വഴിക്ക് ഒരു നാരകം നിൽക്കുന്നുണ്ട്.ഉടനെ മഴയാണെങ്കിലും ഞങ്ങളുടെ കണ്ണ് നരങ്ങയിലേക്ക് തിരിഞ്ഞു. ഞങ്ങൾ ഓരോരുത്തരും നാരകത്തിലേക്ക് എറിയാൻ തുടങ്ങി.എല്ലാവർക്കും നാരങ്ങ കിട്ടി.ഞങ്ങൾ നനഞ്ഞ് റോഡിൽ കൂടി ഒഴുകുന്ന വെള്ളത്തെ തട്ടിത്തെറിപ്പിച്ച് നടന്ന് വരുകയാണ്.ഞാൻ അടുത്തുനിൽക്കുന്നവന്റെ ദേഹത്തേക്ക് വെള്ളത്തെ ഒരൊറ്റ തൊഴി.അവന്റെ ദേഹത്ത് ചാടുകയല്ലാ നാർഭാഗ്യകരമെന്ന് പറയട്ടെ വെള്ളം ചാടുന്നതും തിരിച്ചു ഇങ്ങോട്ട് വരുന്നതും ഒരു പോലെയായിരുന്നു.ഒരു വിധത്തിൽ പിന്നെ വീട്ടിൽ കയറി. പിന്നെയും മഴയത്ത് ഇറങ്ങി തുള്ളികളിക്കാൻ തുടങ്ങി. പിന്നെ അമ്മ ഉണ്ടാക്കി വച്ചിരിക്കുന്ന പൂരിയുടെ മണം എന്റെ അടുത്ത് എത്തിയപ്പോഴാണ് ഒരു വിധത്തിൽ മഴയത്തുനിന്നും കയറിയത്...........**

# ഗാന്ധി നിർവചിച്ച 7 തിന്മകൾ



1. ലക്ഷ്യമില്ലാത്ത രാഷ്ട്രീയം.
2. പരിശ്രമമില്ലാതെ നേടുന്ന ധനം.
3. ധാർമികമൂല്യമില്ലാതെ കച്ചവടം.
4. നന്മയില്ലാത്ത വിദ്യാഭ്യാസം.
5. മനസാക്ഷി വിരുദ്ധമായ സുഖം.
6. മനുഷത്വമില്ലാത്ത ശാസ്ത്രം.
7. ത്യാഗമില്ലാതെ പ്രർത്ഥന.

## മഹദ് വചനങ്ങൾ

## അധ്വാനം

- *ജീവിതത്തിന് ശക്തി നൽകുന്നത് പ്രവർത്തനമാണ്.*
- *കർമ്മമാണ് ജീവിതത്തിന്റെ ലക്ഷ്യം.*
- *തൊഴിൽ ചെയ്യുകയെന്നത് ഒരു സാമൂഹികാവശ്യമാണ്.അതായത് വ്യക്തിയും* മനുഷ്യൻ അധ്വാനിക്കണം അധ്വാനിക്കാതെ മനുഷ്യന് ഒന്നും ചെയ്യാൻ ആവില്ല.
  *സമൂഹവും തമ്മിലുള്ള പൊരുത്തപ്പെടലിന്റെ ഒരു ഭാഗമാണ് തൊഴിൽ ചെയ്യുകയെന്നത്*
- മനുഷ്യൻ അധ്വാനിക്കണം അധ്വാനിക്കാതെ മനുഷ്യന് ഒന്നും ചെയ്യാൻ ആവില്ല.
- മനുഷ്യൻ അധ്വാനിക്കണം അധ്വാനിക്കാതെ മനുഷ്യന് ഒന്നും ചെയ്യാൻ ആവില്ല.



Life is an opportunity, benefit from it
Life is beauty, admire it
Life is a dream, realize it
Life is a challenge, meet it
Life is a duty, complete it
Life is a game, play it
Life is a promise, fulfill it
Life is sorrow, overcome it
Life is a song, sing it
Life is a struggle, accept it
Life is a tragedy, confront it
Life is an adventure, dare it
Life is luck, make it
Life is too precious, do not destroy it
Life is life, fight for it



Thank You

